വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായം

16 [568] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായത്തിനായി സംസ്ഥാന സർക്കാർ അപേക്ഷിച്ചിട്ടുണ്ടോ;

(ബി) രൂക്ഷമായ വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നഷ്ടമുണ്ടായ മേഖലകൾ ഏതൊക്കെയാണെന്നും ഓരോ മേഖലയിലുമുണ്ടായ നഷ്ടം എത്രയാണെന്നും വിശദമാക്കാമോ;

(ഡി) വരൾച്ചമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ഫലപ്രദമായി നേരിടുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ച തടയുന്നതിനായി ജില്ലകൾക്ക് എത്ര കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഓരോ വർഷവും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയെന്നും ജില്ലകൾ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ;

(ജി) നൽകിയ തുക ചെലവഴിക്കാത്ത കാരണത്താൽ തിരിച്ചുപിടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ നിന്ന്;

(എച്ച്) ഓരോ ജില്ലയിൽനിന്നും തിരിച്ചുപിടിച്ച സംഖ്യ എത്രയാണ്;

(ഐ) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഈ വർഷം സാമ്പത്തിക സഹായം അനുവദിക്കുമോ എന്നും ഉണ്ടെങ്കിൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ—സി) എല്ലാ മേഖലകളിലേയും നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി പ്രത്യേക സഹായത്തിനായി സമഗ്രമായ ഒരു മെമ്മോറാണ്ടം കേന്ദ്രത്തിന് സമർപ്പിക്കുവാനായി തയ്യാറാക്കിവരുന്നു.

(ഡി) വരൾച്ച നേരിടുന്നതിനായി ജില്ലാ കളക്ടർമാർ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പഴയ കിണറുകളും കുളങ്ങളും ശുചീകരിക്കുന്നതിനും ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും കുഴൽക്കിണറുകൾ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും കുടിവെള്ളക്ഷാമം അതിരൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) (തുക ലക്ഷത്തിൽ)

2001-2002	754
2002-2003	1214
2003-2004 (ഇതുവരെ)	2703
	4671

(എഫ്) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി, എച്ച്) ഉണ്ട്.

ജില്ല	2001-02	2002-03	2003-04
തിരുവനന്തപുരം	13	53	ഇതുവരെ
കൊല്ലം	45	40	തിരിച്ചടച്ചിട്ടില്ല
പത്തനംതിട്ട	..	..	
ആലപ്പുഴ	50	83	
ഇടുക്കി	47.6	48	
കോട്ടയം	..	70	
എറണാകുളം	72	39	
തൃശ്ശൂർ	50	97	
പാലക്കാട്	..	113	
മലപ്പുറം	..	50	
കോഴിക്കോട്	50	79	
വയനാട്	50	22	
കണ്ണൂർ	50	56	
കാസർഗോഡ്	49.9	36	
ആകെ	477.5	786	

(ഐ) മറുപടി 'എഫ്' പിരിവിന് നൽകിയിട്ടുണ്ട്.

പ്രകൃതി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ലഭിച്ച കേന്ദ്രസഹായം

17 [569] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും ഏതെല്ലാം ഘട്ടത്തിൽ പ്രകൃതി ദുരിതാശ്വാസ സഹായത്തിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്;

(ബി) ഓരോ ഘട്ടത്തിലും ആവശ്യപ്പെട്ട സാമ്പത്തിക സഹായം എത്ര കോടി രൂപയുടേതായിരുന്നു എന്നും ഇതേ കാലയളവിൽ എത്ര കോടി രൂപ വീതം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുവദിച്ചുതരികയുണ്ടായി എന്നും അറിയിക്കുമോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[27-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 16 (568)-ന്റെ ഉത്തരം ദയവായി കാണുക.]

ജില്ല	അനുവദിച്ച തുക (ലക്ഷത്തിൽ)			ചെലവഴിച്ച തുക ലക്ഷത്തിൽ		
	2001-02	2002-03	2003-04	2001-02	2002-03	2003-04
തിരുവനന്തപുരം	50	63	105	37	10	
കൊല്ലം	50	94	150	5	54	ലഭ്യമല്ല.
പത്തനംതിട്ട	50	50	100	50	50	
ആലപ്പുഴ	50	100	115	..	17	
കോട്ടയം	50	70	130	50	2	
ഇടുക്കി	50	50	100	2.4	2	
എറണാകുളം	104	125	180	32	86	
തൃശ്ശൂർ	50	100	150	..	3	
പാലക്കാട്	50	160	1025	50	47	
മലപ്പുറം	50	50	100	50	..	
കോഴിക്കോട്	50	100	100	..	21	
വയനാട്	50	100	238	..	78	
കണ്ണൂർ	50	100	110	..	44	
കാസർഗോഡ്	50	52	100	0.1	14	
ആകെ	754	1214	2703	276.5	428	